കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല-ചെറുതാഴം ഗ്രാമപഞ്ചായത്ത് വക ഭൂമി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടം നിർമ്മിക്കുന്നതിന് ആരോഗ്യവകുപ്പിന് വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.2688/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 25-9-2012.

---

**പരാമർശം :-** 1. സ.ഉ. (സാധാ) നം. 1046/2011/തസ്വഭവ, തീയതി 20-4-2011.

2. സ.ഉ. (എം.എസ്) നം. 130/2011/ആകുവ, തീയതി 26-2-2011

3.ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 9-12-11-ലെ 162/11/(C) നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്ത് വക ചെറുതാഴം വില്ലേജ് സർവേ 686/3 -ൽപ്പെട്ട 75 സെന്റ് സ്ഥലം സീ-മെറ്റ് എന്ന സ്വയംഭരണ സ്ഥാപനത്തിന് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി വിട്ടുനൽകുന്നതിന് ഗ്രാമപഞ്ചായത്തിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം പ്രസ്തുത സ്ഥാപനത്തിനെ ആരോഗ്യവകുപ്പ് ഏറ്റെടുത്തതിനാൽ ഭൂമി കൈമാറാൻ കഴിഞ്ഞില്ല. സീ-മെറ്റിന് അനുവദിച്ച സ്ഥലം ആരോഗ്യവകുപ്പിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച സമ്മതപത്രം നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ആരോഗ്യവകുപ്പിന് കൈമാറുന്നതിന് പരാമർശം (3) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് സീ-മെറ്റിന് കൈമാറുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയ ചെറുതാഴം ഗ്രാമപഞ്ചായത്ത് വക ചെറുതാഴം വില്ലേജ് സർവേ 686/3 ൽപ്പെട്ട ടി 75 സെന്റ് പ്രസ്തുത ആവശ്യത്തിലേക്കായി ആരോഗ്യവകുപ്പിന് കൈമാറുന്നതിന് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചെറുതാഴം ഗ്രാമപഞ്ചായത്ത്, മണ്ടൂർ പി.ഒ-670501
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ആരോഗ്യ കുടുംബക്ഷേമ (കെ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.